കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പോരുവഴി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

**2014-15**


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**e-mail:doklm.ksad@kerala.gov.in**

**(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ. കെ.എൽ.എം. പി.2 / 1171 / 2016

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
തീയതി –01/08/2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോരുവഴി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : **പോരുവഴി** ഗ്രാമപഞ്ചായത്ത് - 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പോരുവഴി** ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ – കെ.എൽ.എം – പി.2/ 1171/2016 തീയതി : 01/08/2016.

## കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ പോരുവഴി ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18-12-2015 മുതൽ 20-07-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | **ശ്രീമതി.ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | **21.07.2016 മുതൽ 29.07.2016 വരെ** | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.പ്രീത.എസ്.എസ് | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ലാലു.അർ | അസി.ഓഡിറ്റ്ഓഫീസർ |
| | | ശ്രീമതി. ശ്രീജ എസ്. | സീനിയർഗ്രേഡ്ഓഡിറ്റർ |
| | | ശ്രീ. അനിൽകുമാർ എസ് | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കാഞ്ഞിരംവിള ഗോപാലകൃഷ്ണ പിള്ള | 1.04.2014മുതൽ 31.03.2015വരെ |
| സെക്രട്ടറി | ഉഷാകുമാരി എം | 01.04.2014 മുതൽ 31.03.2015 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| (അസി.സെക്രട്ടറി) | രവീന്ദ്രൻ പിള്ള | 01.04.2014മുതൽ 17.07.2014വരെ |
| | സതി.എ.എസ് | 18.07.2014മുതൽ 06.01.2015 വരെ |

| | | |
|---|---|---|
| | ഷാജി.എസ്സ്. | 07.01.2015മുതൽ<br>31.03.2015വരെ |
| അസി.എഞ്ചിനീയർ | ശാലിനി എസ്. | 01.04.2014മുതൽ<br>31.03.2015വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.ബിജി.ബി.രാജ് | 01.04.2014മുതൽ<br>31.03.2015വരെ |
| വെറ്ററിനറി സർജൻ | ഡോ.കെ.ജി.സുജാത<br>ഡോ.ജയകുമാർ | 01.04.2015 മുതൽ<br>24.04..2014വരെ<br>25.04.2014 മുതൽ<br>31.03.2015 വരെ |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.പത്മകുമാർ | 01.04.2014മുതൽ<br>17.07.2014 വരെ |
| | ഡോ.സനോജ് സാം | 18.07.2014മുതൽ<br>31.03.2015 വരെ |
| കൃഷി ഓഫീസർ | ശ്രീ.കുരികേശു | 01.04.2014മുതൽ<br>31.03.2015വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഗംഗാ ഭായ് | 01.04.201മുതൽ<br>04.09.2014വരെ |
| | ശ്രീമതി.മംഗളാംമ്പിക<br>ശ്രീമതി.പത്മലത | 05.09.2014 മുതൽ<br>31.10.2014 വരെ<br>01.11.2014 മുതൽ<br>31.03.2015 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.മദുസൂദനൻ നായർ<br>ശ്രീ.അബ്ദുൾ അസീസ് | 01.04.2014 മുതൽ<br>10.06.2014 വരെ<br>11.06..2014മുതൽ<br>31.03.2015വരെ |
| വി.ഇ.ഒ | ശ്രീമതി.അനിത കുമാരി.എസ് | 01.04.2014 മുതൽ<br>06.08.2014 വരെ |
| | ശ്രീ.ഇസ്മയിൽ കുഞ്ഞ് | 01.04.2014 മുതൽ<br>31.03.2015 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഷാഹിദ കെ | 01.04.2014 മുതൽ<br>31.03.2015 വരെ |

# ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ഷോപ്പിംഗ് കോംപ്ലക് സ് വാടകയിനത്തിൽ 54484/ രൂപയുടെ നഷ്ടം | 2-1 |
| 13 | തൊഴിൽനികുതി, ഡ&ഒ ലൈസൻസ് ഫീസ് എന്നീവ ഈടാക്കിയിട്ടില്ല. | 2-2 |
| 14 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല | 2-3 |
| 15 | ഗ്രാമപഞ്ചായത്തിലെ എല്ലാ കച്ചവടസ്ഥാപനങ്ങിൽ നിന്നും തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. | 2-4 |
| 16 | തൊഴിൽനികുതി അപാകതകൾ | 2-5 |
| | ഭാഗം 3 | |
| 17 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ- പദ്ധതി പൂർത്തീകരിച്ചില്ല-ഗ്രാമപഞ്ചായത്തിന് നഷ്ടം 265000/- രൂപ | 3-1 |
| 18 | സ്വകാര്യ സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തു | 3-2 |

| | | |
|---|---|---|
| 19 | പാലിയേറ്റിവ് പരിചരണം അപാകതകൾ | 3-3 |
| 20 | പഞ്ചായത്ത് ആഫീസ് കെട്ടിടം ഇലക്ട്രിഫിക്കേഷൻ ബില്ലും അനുബന്ധ രേഖകളും ഇല്ല – 194063/- രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 21 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-5 |
| 22 | എസ്.എസ്.എ വിഹിതം അടവാക്കൽ. പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 3-5 |
| 23 | തെരുവ് വിളക്ക് - ഉപയോഗിക്കാത്ത ബൾബിനും തുക ഈടാക്കുന്നു | 3-7 |
| 24 | മഞ്ഞപ്പിത്ത പ്രതിരോധം -ക്യാമ്പ് നടത്തിീയതിന് ആധാരമായ തെളിവ് രേഖകളില്ല-തുക നിരാകരിക്കുന്നു | 3-8 |
| 25 | പഞ്ചായത്ത് മെമ്പറുമാർ ഗ്രാമസഭ നടത്തിപ്പിനായി തുക കൈപ്പറ്റിയിരിക്കുന്നു. | 3-9 |
| 26 | കുടിവെള്ള ടാപ്പ് ഗാർഹികകണക്ഷൻ നൽകിയിട്ടും സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം കുറയുന്നില്ല | 3-10 |
| 27 | ടച്ച് സ്ക്രീൻ കിയോസ്ക് പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 3-11 |
| 28 | കന്നുകുട്ടിപരിപാലനം വിനിയോഗസക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-12 |
| 29 | നിയമാനുസൃതമുള്ള വാറ്റ് തുക കരാറുകാരിൽ നിന്നും ഈടാക്കിയില്ല. | 3-13 |
| 30 | ഗുണഭോക്തൃ സമിതി ചെലവ് കൂട്ടികാണിച്ചതിനാൽ പ്രവൃത്തിക്ക് അധിക തുക നല്കി-നഷ്ടം 10,025/- | 3-14 |
| 31 | ആശ്രയ പദ്ധതി -രണ്ടാം ഘട്ടം അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി വൈകിപ്പിച്ചു. | 3-15 |
| 32 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിക്കുന്നില്ല | 3-16 |
| 33 | പുറമ്പോക്ക് ഭൂമി അളന്നുതിട്ടപ്പെടുത്തിയിട്ടില്ല.-ഭരണസമിതി തീരുമാനം നടപ്പിലാക്കിയിട്ടില്ല | 3-17 |
| 34 | വി.ഇ.ഒ അമ്പലത്തുംഭാഗം സർക്കിൾ -പദ്ധതി നിർവ്വഹത്തിലെ അപാകതകൾ | 3-18 |
| 35 | ധനവിനിയോഗമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക പിൻവലിച്ചിരിക്കുന്നു | 3-19 |

| | | |
|---|---|---|
| 36 | അംഗൻവാടി ഭൗതിക സാഹചര്യം – അപര്യാപ്തതകൾ | 3-20 |
| 37 | ഫണ്ട് ലഭിച്ചിട്ടും മാതൃക അംഗൻവാടി കെട്ടിടം നിർമ്മിക്കാൻ കഴിയുന്നില്ല. | 3-21 |
| | **ഭാഗം 4** | |
| 38 | സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 47 | വാർഷിക ധനകാര്യ പത്രിക സാക്ഷ്യപത്രം (2014-15) | 4-10 |


## ഭാഗം -1
## പൊതു അവലോകനം
## പൊതു അവലോകനം

1-1 ബജറ്റ്

2014-15വർഷത്തെ ബജറ്റ് 26.03.2015 തിയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2015 | 29.07.2015 |

1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|---|
| 2014-15 | 20.10.2015 | കെ.എസ്.എ.കെ.എൽ.എം-പി2/1968/2015 |

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 14615785/-രൂപ

വരവ് - 81713453/-രൂപ

ആകെ - 96329238/-രൂപ

ചെലവ് - 71742456/-രൂപ

നീക്കിയിരിപ്പ്- 24586782/-രൂപ

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 896548 | 9655000 | 10551548 | 9979379 | 572169 | 95% |
| വികസനഫണ്ട് എസ്.സി.പി. | 496579 | 8470000 | 8966579 | 7130328 | 1836251 | 79.52% |
| വികസനഫണ്ട് ടി.എസ്.പി. | - | 55000 | 55000 | 0 | 55000 | |
| സംരക്ഷണഗ്രാന്റ് റോഡ് | 2937642 | 12703000 | 15640642 | 11698871 | 3941771 | 74.79% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1202995 | 2683000 | 3885995 | 1589443 | 2296552 | 40.9% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2061 | 6351062 | 6353123 | 4459647 | 1893476 | 70% |
| പെർഫോമൻസ് ഗ്രാന്റ് | 1495919 | 3443000 | 4938919 | 1380526 | 3558393 | 27.95% |
| എം.എൻ.ആർ.ഇ.ജി.എസ്. | 1000 | 21931722 | 21932722 | 21931722 | 1000 | 100% |
| ബി ഫണ്ട് | ഇല്ല | 18394828 | 18394828 | 18394828 | | 100% |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 65951779 | 130 | 43097598 | ഇല്ല | 54 | 65.34 |

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 31.9% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) |
|---|---|---|---|---|
| നികുതി വരവുകൾ | 2935907 | 3965543 | 1029636 | 35% |
| നികുതിയേതര വരവുകൾ | 7618839 | 10471626 | 2852787 | 37.4% |
| മറ്റുവരവുകൾ | 2067400 | 2212815 | 145415 | 7% |

| | | | | |
|---|---|---|---|---|
| ആകെ | 12621696 | 16649984 | 4028288 | 31.9% |

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 581520 | 340 |
| കർഷകതൊഴിലാളി പെൻഷൻ | 678765 | 95 |
| വിധവാപെൻഷൻ | 8819755 | 990 |
| വാർദ്ധക്യകാലപെൻഷൻ | 4104105 | 477 |
| വികലാംഗപെൻഷൻ | 3427805 | 383 |
| വിവാഹ ധനസഹായം | 570000 | 22 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2016 – ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3033/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം.

കച്ചവട സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കച്ചവടക്കാരിൽ നിന്നും വാടക പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല. ചില കച്ചവടക്കാരിൽ നിന്നും ഓരോ വർഷവും 5% വർദ്ധനവിൽ വാടക ഈടാക്കുന്നില്ല. വർഷങ്ങളായി പ്രവർത്തിക്കുന്ന പോസ്റ്റോഫീസിൽ നിന്നും വാടക ഈടാക്കുന്നില്ല. കടമുറികൾ പലതും ലേലം ചെയ്തു കൊടുത്തിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ഡി.സി ബി ഇനങ്ങളുമായി ബന്ധപ്പെട്ട ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമായി പാലിക്കുന്നുണ്ട്.

ജനോപകാരപ്രദമായ ചില പദ്ധതികൾക്ക് പഞ്ചായത്ത് തുക വകയിരുത്തിയെങ്കിലും നടപ്പിലാക്കാത്തത് പോരായ്മയായി ചൂണ്ടി കാട്ടുന്നു. തെരുവ് നായ്ക്കളുടെ ശല്യം വളരെയധികമുള്ള പഞ്ചായത്തിൽ പദ്ധതി വിഹിതം 150000/-തനത് ഫണ്ട് വകയിരുത്തി എങ്കിലും പദ്ധതി നടപ്പിലാക്കാതിരുന്നത് ഗൗരവമായി കാണുന്നു. പഞ്ചായത്ത് വക വസ്തു വകകൾ സ്വകാര്യ വ്യക്തികൾ കയ്യേറുന്നത് തടയാൻ നടപടികൾ സ്വീകരികരിച്ചിട്ടില്ല.

ഗുണഭോക്താക്തൃ സമിതി വർക്ക് ഫയലുകളിൽ ചിലതിൽ ആവശ്യമായ സബ് വൌച്ചറുകൾ ഉൾക്കൊള്ളിച്ചിട്ടില്ല. വർക്കിന് ആവശ്യമായ സിമന്റിന് ആനുപാതികമായ ബില്ലുകൾ ചില വർക്ക് ഫയലുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല എന്നത് പ്രവൃത്തിയുടെ ഗുണനിലവാരത്തിൽ സംശയം ഉണ്ടാക്കുന്നുണ്ട്. ഗുണഭോക്തൃ സമിതി ചെലവ് കൂട്ടി കാണിച്ചു മിനിട്സ് അംഗീകരിക്കുന്ന പ്രവണത ചില വർക്കുകളിൽ ഉണ്ടായിട്ടുണ്ട്.

കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ നിർദ്ദിഷ്ട ഫോറത്തിലുള്ള കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. അംഗൻവാടികളുടെ പ്രവർത്തനം സംബന്ധിച്ചുള്ള വിഷയങ്ങൾ അവലോകനം ചെയ്യാൻ വാർഡ് തല മോണിറ്ററിംഗ് സമിതി പ്രവർത്തിക്കുന്നില്ല. മോണിറ്ററിംഗ് സമിതി അടിയന്തിരമായി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ജാഗ്രതാ സമിതി പുനസംഘടിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 02.05.2016 തീയതി.04.05.2016 | 03/2016 | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2009 | 2004/05-2008/09 | 15.10.2009 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഷോപ്പിംഗ് കോംപ്ലക് സ് വാടകയിനത്തിൽ 19104/-രൂപയുടെ നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നതിൽ അപാകതകൾ കാണുന്നു.

ശാസ്താംനട ഷോപ്പിംഗ് കോംപ്ലക്സ്

a)റൂം നമ്പർ 1-ൽ പ്രവർത്തിക്കുന്ന എസ്.ബി.ടി പോരുവഴി ബ്രാഞ്ചിന്റെ വാടക വർഷന്തോറും 5% നിരക്കിൽ പുതുക്കി നിശ്ചയിച്ച് ഈടാക്കുന്നില്ല. വിശദവിവരം താഴെപ്പറയുംപ്രകാരമാണ്.

2013-14 വർഷത്തിലെ വാടക -2840/-രൂപ

2014-15 വർഷത്തിൽ ഈടാക്കേണ്ട വാടക -2982/-രൂപ

നഷ്ടം-142x12=1704/-രൂപ

b) റൂംനമ്പർ 11-ൽ കച്ചവടം ചെയ്യുന്ന ശ്രി.വിബുദേവൻ നായർ, വരവിള യിൽ നിന്നും വാടക വർഷത്തിൽ 5% നിരക്കിൽ പുതുക്കി നിശ്ചയിച്ച് ഈടാക്കുന്നില്ല. വിശദവിവരം താഴെപ്പറയുംപ്രകാരമാണ്.

2013-14 വർഷത്തിലെ വാടക -1000/-രൂപ

2014-15 വർഷത്തിൽ ഈടാക്കേണ്ട വാടക -1050/-രൂപ

നഷ്ടം-50x12 = 600/-രൂപ

c)a)റൂംനമ്പർ--7ൽ പ്രവർത്തിക്കുന്ന പോസ്റ്റോഫീസിന്റെ വാടക ഈടാക്കുന്നില്ല. 2013-14 വർഷത്തിൽ 2940/- രൂപ പ്രതിമാസ വാടകയ്ക്ക് ശ്രീ.അജികുമാർ, വല്ലാറ്റൂർ കിഴക്കതിൽ എന്ന വ്യക്തിക്ക് വാടകയ്ക്ക് നൽകിയിരുന്ന മുറി, 2014-15 വർഷത്തിൽ പോസ്റ്റോഫീസിന് അനുവദിച്ചുവെങ്കിലും വാടക ഈടാക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. വാടക ഒഴിവാക്കി നൽകിയത് സംബന്ധിച്ച ഗ്രാമപഞ്ചായത്ത് തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

d) റൂം നമ്പർ 2, 5എന്നീ കടമുറികൾ ലേലം ചെയ്ത് വാടകയീടാക്കിയിട്ടില്ല.

2)ഇടയ്ക്കാട് ഷോപ്പിംഗ് കോംപ്ലക്സ്

a) കടമുറി നമ്പർ -1 ലേലം ചെയ്ത് വാടകയിടാക്കിയിട്ടില്ല.

b)റൂം നമ്പർ -2 ന് 1400/- രൂപയ്ക്ക് വാടകയിനത്തിൽ ലേലം കൊണ്ട ശ്രീ.ബിനുകുമാർ, കിഴക്കെചെരുവിൽ എന്ന വ്യക്തിയിൽ നിന്ന് പ്രസ്തുത വർഷത്തിൽ വാടക ഈടാക്കിയിട്ടില്ല.

നഷ്ടം-12x1400=16800/-രൂപ

മേൽ അപാകതകൾക്ക് 28-07-16 ൽ നൽകിയ എൻക്വയറി നമ്പർ 15 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയിനത്തിൽ ഉണ്ടായ 19104/- രൂപയുടെ(1704+600+16800) നഷ്ടം

ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

2-2 തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നീവ ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പീംഗ് കോപ്ലക്സുകളിലെ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. വിശദവിവരം താഴെപ്പറയും പ്രകാരമാണ്.

1)ശാസ്ഥാംനട ഷോപ്പിംഗ് കോപ്ലക്സ്.

| ക്രമനം. | പേര് | കടമുറി നമ്പർ |
|---|---|---|
| 1 | സതീഷ് കുമാർ, മേലൂർവീട് | 3 |
| 2 | വിശ്വനാഥൻ, കളിയിക്കൽ | 4 |
| 3 | വിഭുദേവൻനായർ, വരവിള | 6 |
| 4 | വാസുദേവൻ നായർ, കവറാട്ട് വീട് | 8 |
| 5 | വിഭുദേവൻനായർ, വരവിള | 11 |

2)ചക്കുവള്ളി ഷോപ്പിംഗ് കോപ്ലക്സ്.

| ക്രമനം | പേര് | കടമുറി നമ്പർ |
|---|---|---|
| 1 | നാസറുദ്ദീൻ, ചിറയുടെ തെക്കതിൽ | 1,2 |
| 2 | സലാം, ചരുവിള താഴെ തുണ്ടിൽ | 3 |
| 3 | റഹിം, കെ.ആർ.ഹൗസ് | 4 |
| 4 | നജിം, പള്ളിയുടെ വടക്കതിൽ | 5 |

3)ഇടയ്ക്കാട് ഷോപ്പിംഗ് കോപ്ലക്സ്.

| ക്രമനം. | പേര് | കടമുറി നമ്പർ |
|---|---|---|
| 1 | തുളസിധരൻ, തുണ്ടിൽ വടക്കതിൽ | 1 |
| 2 | ബിനുകുമാർ, കിഴക്കെചരുവിൽ | 2 |
| 3 | രാധാവസവൻ, രാധാഭവനം | 3 |
| 4 | വാസുദേവൻ, കാവ്യാ നിവാസ് | 4 |
| 5 | സുരേഷ്, കുന്നുവിള | 5 |
| 6 | ശശിധരൻ, കാട്ടൂർ പുത്തൻവീട് | 6 |

മേൽ കച്ചവടക്കാരിൽ നിന്നും തൊഴിൽനികുതി,ഡ&ഒ ലൈസൻസ് ഫീസ് എന്നീവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്. ഇതു സംബന്ധിച്ച് 28-07-16ൽ നൽകിയ എൻക്വയറി നമ്പർ 16 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2014-15 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെപ്പറയും പ്രകാരമാണ്.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| ബി.എസ്.എൻ.എൽ. | 1&2 |
| ശ്രീസായി കാഷ്യൂ ആഗ്രോ എക്സ്പോർട്ട്സ് | 1&2 |
| മീനം കാഷ്യൂസ് ചാത്താംകുളം | 1&2 |
| കമല ഇൻഡെയിൻ ഗ്യാസ് ഏജൻസി. | 1&2 |
| ശ്രീകൃഷ്ണ ഫിനാൻസ്, ഒസ്ലാംമുക്ക് | 1&2 |
| രാജൻ കാഷ്യൂ കമ്പനി | 1&2 |
| അസോസിയേറ്റ് കാഷ്യൂ ഫാക്ടറി | 1&2 |
| ക്ഷീരോല്പാദക സഹകരണ സംഘം, കമ്പലടി | 1&2 |
| ക്ഷീരോല്പാദക സഹകരണ സംഘം, ഇടയ്ക്കാട് | 1&2 |
| ക്ഷീരോല്പാദക സഹകരണ സംഘം, പോരുവഴി | 1&2 |
| ക്ഷീരോല്പാദക സഹകരണ സംഘം, മലനട | 1&2 |
| ക്ഷീരോല്പാദക സഹകരണ സംഘം, അമ്പലത്തുഭാഗം | 1&2 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 28-07-15 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2-4 ഗ്രാമപഞ്ചായത്തിലെ എല്ലാ കച്ചവട സ്ഥാപനങ്ങിൽ നിന്നും തൊഴിൽ നികുതി,ഡി & ഒ ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല.

2014-15 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 1 മുതൽ 18 വരെയുള്ള വാർഡുകളിലെ തൊഴിൽനികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നീയിനങ്ങളിൽ ഗ്രാമപഞ്ചായത്തിൽ വരുന്ന കളക്ഷനാണ് ഡിമാന്റായി കണക്കാക്കുന്നത്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങിൽ നിന്നും തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ കെട്ടിടനികുതി സെക്ഷൻ ലഭ്യമാക്കിയ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെയും, തൊഴിൽനികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയ കച്ചവടസ്ഥാപനങ്ങളുടെയും വിശദാംശം താഴെപ്പറയും പ്രകാരമാണ്.

| വാർഡ് | ഗ്രാമപഞ്ചായത്തിലെ ആകെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ | തൊഴിൽനികുതി ഈടാക്കിയ ആകെ സ്ഥാപനങ്ങൾ | ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കിയ ആകെ സ്ഥാപനങ്ങൾ |
|---|---|---|---|
| 1 | 52 | 8 | 13 |

| | | | |
|---|---|---|---|
| 2 | 89 | 16 | 16 |
| 3 | 27 | 6 | 6 |
| 4 | 76 | 9 | 13 |
| 5 | 60 | 11 | 9 |
| 6 | 52 | 9 | 8 |
| 7 | 30 | 3 | 3 |
| 8 | 53 | 5 | 7 |
| 9 | 68 | 9 | 10 |
| 10 | 107 | 10 | 8 |
| 11 | 38 | 10 | 10 |
| 12 | 62 | 8 | 9 |
| 13 | 71 | 10 | 11 |
| 14 | 177 | 35 | 35 |
| 15 | 48 | 8 | 8 |
| 16 | 41 | 15 | 11 |
| 17 | 93 | 24 | 26 |
| 18 | 45 | 10 | 10 |

ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങിൽ നിന്നും തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 28-07-16 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2-5 തൊഴിൽ നികുതി അപാകതകൾ

2014-15 വർഷത്തിൽ തൊഴിൽ നികുതി പത്രികകൾ, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി. എൻ.സതി പോരുവഴി ഗ്രാമ പഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചത് 17-07-14 -ൽ ആണ്. ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല. മറ്റ് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2)പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം നൽകിയ ലിസ്റ്റ് പ്രകാരം മരാമത്ത് പ്രവൃത്തികൾ ചെയ്യുന്ന കരാറുകാർ 2014-15 വർഷത്തിൽ തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല. വിശദവിവരം താഴെപ്പറയും പ്രകാരമാണ്.

| ക്ര.നം. | കരാറുകാരന്റെപേര് | എഗ്രിമെന്റ് തിയതി | പൂർത്തീകരണതീയതി | അടങ്കൽതുക |
|---|---|---|---|---|
| 1 | പ്രസന്നകുമാർ | 10.11.14 | 5.2.15 | 200000 |

| | | | | |
|---|---|---|---|---|
| 2 | പ്രസന്നകുമാർ | 10.11.14 | 26.3.15 | 200000 |
| 3 | പ്രസന്നകുമാർ | 1.1.15 | 16.3.15 | 500000 |
| 4 | ഫൈസൽ.എം. | 10.11.14 | 05.02.15 | 500000 |
| 5 | രാജ്കുമാർ | 10.11.14 | 12.03.15 | 300000 |
| 6 | ജയിൻരാജ്. | 4.12.14 | 30.01.15 | 800000 |
| 7 | ഷംസുദ്ദീൻ | 06.02.15 | 08.04.15 | 330000 |
| 8 | രാജ്കുമാർ | 01.01.15 | 18.03.15 | 400000 |

a)താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാംഅർദ്ധവർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഒന്നാം അർദ്ധ വർഷത്തിൽ ഒടുക്കുവരുത്തിയതിന്റെ വിശദവിവരം താഴെപ്പറയും പ്രകാരമാണ്.

a)മുത്തൂറ്റ് മിനി ഫിനാൻസ്, ചക്കുവള്ളി.

| ക്രമനം. | ജീവനക്കാരുടെ പേര് | അർദ്ധവർഷിക വരുമാനം | ഈടാക്കിയ തുക |
|---|---|---|---|
| 1 | കെ.കെ.തമ്പാൻ (മാനേജർ) | 84700 | 750 |
| 2 | രഞ്ജിനി.എസ് (അസി.മാനേജർ) | 71400 | 600 |
| 3 | ജയഗോപാൽ (സ്റ്റാഫ്) | 54308 | 450 |
| | | ആകെ | 1800 |

b)ശ്രീസായി ആഗ്രോ എക്സ്പോർട്ട്സ്.

| ക്രമ നം. | ജീവനക്കാരുടെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ തുക |
|---|---|---|---|
| 1 | രാജേന്ദ്രൻപിള്ള (മാനേജർ) | 30330 | 300 |
| 2 | വിവേകന്ദൻ (റോസ്റ്റർ) | 30330 | 300 |
| 3 | രാധാകൃഷ്ണപിള്ള (റോസ്റ്റർ) | 30330 | 300 |
| 4 | ശ്രീകുമാർ (ക്ലാർക്ക്) | 29160 | 180 |
| | ആകെ | | 1080 |

c)ഗ്രാമ പഞ്ചായത്തിലെ കരാർ ജീവനക്കാരായ എം.ജി.എൻ.ആർ.ഇ.ജി.എസിലെ ജിവനക്കാർ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല.

d)കൺസ്യൂമർ ഫെഡറേഷൻ ത്രിവേണി ഗോഡൗണിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ആയത് സംബന്ധിച്ച് രേഖാമൂലം 28-07-16 ൽ നൽകിയ എൻക്വയറി നമ്പർ 17ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഇനത്തിൽ ലഭിക്കുവാനുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

3-1 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല - 265000/- രൂപ നഷ്ടം

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ച് വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കുവാനായി 2013-14 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നം. 09/14 നടപ്പിലാക്കി. പ്രസ്തുത പദ്ധതി പ്രകാരം കടമ്പനാട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ 50 മീറ്ററുകൾ സ്ഥാപിക്കുവാൻ ആകെ എസ്റ്റിമേറ്റ് തുകയായ 530000/- രൂപയുടെ 50% തുകയായ 265000/- ഒടുക്കു വരുത്തി (ഡി.ഡി.നം-260896/ 19.12.2013). ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത ഇലക്ട്രിക്കൽ പരിധിയിൽ തെരുവ് വിളക്കുകൾക്ക് നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ലായെന്ന് വ്യക്തമായി. മേൽ വിഷയവുമായി ബന്ധപ്പെട്ട് 25.07.2016 ലെ ഓഡിറ്റ് എൻക്വയറി നം. 8 -ന് മീറ്ററുകൾ ലഭ്യമല്ലാത്തതിനാലാണ് പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാത്തതെന്ന അസിസ്റ്റന്റ് എഞ്ചിനിയറുടെ മറുപടി നീതീകരിക്കാനാവുന്നതല്ല. പദ്ധതി നടത്തിപ്പിനായി വർഷങ്ങൾക്ക് മുൻപ് ഒടുക്കു വരുത്തിയ തുക നാളിതുവരെയായി വിനിയോഗിക്കാത്തത് കെ.എസ്.ഇ.ബി യുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ആയതിനാൽ പദ്ധതിക്കായി ഒടുക്കു വരുത്തിയ 265000/- രൂപ പലിശ സഹിതം തിരികെ പഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-2 സ്വകാര്യ സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്തു 9400/-രൂപ നിരാകരിക്കുന്നു

പ്രോജക്ട് : എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം.

പ്രോജക്ട് നമ്പർ :(എസ്.ഒ. 54/2015)

അടങ്കൽ : വികസനഫണ്ട് (എസ്.സി.പി) 2,00,000/-രൂപ

ബിൽ നമ്പർ : 5/2014-15 തീയതി 31.03.2015 (155100/-രൂപ)

നിർവ്വഹണം : ഹെഡ്മാസ്റ്റർ, ഇടയ്ക്കാട് യു.പി.എസ്.

പട്ടികജാതി-പട്ടികവിഭാഗത്തിൽപ്പെട്ട 40 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനായി 200000/- രൂപ വകയിരുത്തി ഭരണാനുമതി ലഭിച്ച പ്രസ്തുത പ്രോജക്ടിൽ ടെണ്ടർ നടപടികളിലൂടെ കുറഞ്ഞ നിരക്കായ 4700/-രൂപ (നികുതി ഉൾപ്പെടെ) രേഖപ്പെടുത്തിയ മുരളി സൈക്കിൾ മാർട്ട് കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിച്ചു. 10-ാം ക്ലാസിൽ പഠിക്കുന്ന 33 വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണത്തിനായി 155100/- രൂപ ചെലവഴിച്ചു. ഗ്രാമസഭ വഴിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. 16.11.2013 ലെ ജി.ഒ.(എം.എസ്) 362/2013 ത.സ്വ.ഭ.വ നം സർക്കാർ ഉത്തരവിൽ (സബ്സിഡി മാർഗ്ഗരേഖ 2012-17) ഖ.6.8 (4) പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് സൈക്കിൾ വിതരണം ചെയ്യേണ്ടത്. ടി പ്രോജക്ടിൽ ഗ്രാമസഭ വഴി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ പ്രസ്തുത സ്ക്കൂളിൽ പഠിക്കുന്നു എന്ന് സ്കൂൾ ഹെഡ്മിസ്ട്രസ് സാക്ഷ്യപത്രം നല്കുകയാണ് ചെയ്തിട്ടുള്ളത്.

18.8.2012 ലെ ജി.ഒ(എം.എസ്)225/12/ത.സ്വ.ഭ.വ നം. ഉത്തരവിലെ (ഖണ്ഡിക നം-4) പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതും ആയ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ പ്രോജക്ടിൽ സ്വകാര്യ സ്കൂളിൽ പഠിക്കുന്ന 2 വിദ്യാർത്ഥികൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. സി.ബി.എസ്.ഇ അഫിലിയേഷൻ ഉള്ള ട്രാവൻകൂർ ദേവസം ബോർഡ് സെൻട്രൽ സ്കൂളിലെ വിദ്യാർത്ഥികളായ ജിബിൻ (s/o വിജയൻ), വിജയവിലാസം, (വാർഡ് 3), വിനായക് എ. (s/o അജയബാലൻ, മീനത്തേതിൽ, പോരുവഴി(വാർഡ് 16) എന്നിവരെ ഗ്രാമസഭ വഴി തെരഞ്ഞെടുത്ത് സ്കൂൾ ഹെഡ്മിസ്ട്രസ് വിദ്യാർത്ഥികൾ പ്രസ്തുത സ്കൂളിൽ പഠിക്കുന്നു എന്ന സാക്ഷ്യപത്രം നല്കിയതിന്റെ അടിസ്ഥാനത്തിൽ സൈക്കിൾ വിതരണം ചെയ്തിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സ്വകാര്യ സ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണത്തിന് ചെലവഴിച്ച 9400/-രൂപ (4700x2=9400) ഉത്തരവാദിയായ ഉദ്യാഗസ്ഥനിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

3-3 പാലിയേറ്റിവ് പരിചരണം അപാകതകൾ

പ്രോജക്ട് നം –SO 43 / 15

പ്രോജക്ടിന്റെ പേര് – പാലിയേറ്റീവ് പരിചരണം

അടങ്കൽ തുക – 400000/-രൂപ (വികസനഫണ്ട് ജനറൽ )

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 14-15 സാമ്പത്തിക വർഷം നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1.ബിൽ നം 3/14-15 തീയതി 17/12/14 പ്രകാരം 101657/- രൂപ(ഡിഡി നം 522679/18.12.14) പാലിയേറ്റീവ് മരുന്ന്, ഉപകരണങ്ങൾ എന്നിവയ്ക്കായി KMSCL ന് നൽകിയിട്ടുണ്ട്. ആയതിൽ 66984/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി 34673/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. 34673/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.
2.മേൽ ബില്ല് പ്രകാരം ലഭ്യമായ താഴെപ്പറയുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്ത് രോഗികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

1.AIR BED – 5 എണ്ണം

2.വാക്കർ – 4 എണ്ണം

3.ക്രച്ചസ് – 2എണ്ണം

4.വാക്കിംഗ് കെയിൻ – 5എണ്ണം

5.വീൽചെയർ – 3എണ്ണം

3. ബിൽ നം 6/14-15 തീയതി 27/03/15 പ്രകാരം 20/03/15 ൽ ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് വോളന്റിയേഴ്സ് ട്രയിനിംഗ് നടത്തിയതിനായി ഭക്ഷണത്തിനും മററ് അനുബന്ധ ചെലവുകൾക്കുമായി 6000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ടി ദിവസം ജനറൽ കമ്മിറ്റി മിനിട്സ് ബുക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് പഞ്ചായത്ത് ജനറൽ കമ്മിറ്റി നടക്കുകയായിരുന്നു എന്ന് വ്യക്തമായിട്ടുണ്ട്. പങ്കെടുത്തവരുടെ ലിസ്റ്റിൽ 20/2/15 ൽ നടന്ന രോഗീകുടുംബ സംഗമം ലിസ്റ്റ് തിരുത്തുകയും തീയതി തിരുത്തുകയും ചെയ്ത് 20/3/15 എന്ന് ആക്കിയിട്ടുണ്ട്. ആയത് ആരും സർട്ടിഫൈ ചെയ്തിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 6000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ സൗകര്യാർത്ഥമാണ് ഇതേ ദിവസം തന്നെ ട്രെയിനിംഗ് നടത്തിയതെന്നും ലിസ്റ്റ് തിരുത്തിയത് മനപ്പൂർവ്വമല്ല എന്നും ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക്(നം 4) മറുപടി നൽകിയത് അംഗീകരിക്കാവുന്നതല്ല.

മേൽ അപാകതകളാൽ പാലിയേറ്റീവ് പരിചരണത്തിനായി പിൻവലിച്ച 40673/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. തടസ്സത്തിന് ആസ്പദമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-4 പഞ്ചായത്ത് ആഫീസ് കെട്ടിടം ഇലക്ട്രിഫിക്കേഷൻ ബില്ലും അനുബന്ധ രേഖകളും ഇല്ല – 194063/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പഞ്ചായത്ത് ആഫീസ് കെട്ടിടം 1, 2 നിലകളുടെ ഇലക്ട്രിഫിക്കേഷൻ (പ്രോ.നം.171/15) എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി കേരള പൊതുമരാമത്ത് വകുപ്പ്(ഇലക്ട്രിക്കൽ വിംഗ്) 194063/- രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുകയും പണി പൂർത്തീകരിക്കുകയും ചെയ്തു. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ പ്രവൃത്തി സംബന്ധിച്ച ഫൈനൽ ബിൽ ഹാജരാക്കാതെയും വിനിയോഗ സാക്ഷ്യപത്രം നൽകാതെയുമാണ് ബിൽ തുകയായ 194063/-രൂപ (ഡി.ഡി.നം-520989/19.08.2014) കേരള പൊതുമരാമത്ത് വകുപ്പ്(ഇലക്ട്രിക്കൽ വിംഗ്) കൈപ്പറ്റിയിരിക്കുന്നത്. മേൽ വിഷയം സംബന്ധിച്ച് 25.07.2016 ലെ ഓഡിറ്റ് എൻക്വയറി നം. 06 -ന് മറുപടിയായി എക്സിക്യൂട്ടീവ് എഞ്ചിനിയർ PWD ഇലക്ട്രിക്കൽ ഡിവിഷന് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ അപാകതകളാൽ പദ്ധതിക്കായി ചെലവഴിച്ച 194063/- രൂപ

ഓഡിറ്റിൽ തടസം ചെയ്യുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-5 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നമ്പർ 2/15 പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിക്കായി 500000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തും, കേരള വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2)പ്രവൃത്തി സംബന്ധമായ വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി ഹാജരാക്കിയില്ല.

3)പ്രവൃത്തിയുടെ ഫൈനൽ ബിൽ ഹാജരാക്കിയില്ല.

4)കേരള വാട്ടർ അതോറിറ്റി ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം ആകെ പ്രവൃത്തിമൂല്യം 490764/- രൂപയാണ്. ബാക്കി തുക 9236/- രൂപ(500000-490764) ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.

മേൽ അപാകതകളാൽ 500000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുന്നു. ഇതു സംബന്ധിച്ച് 23/07/2016-ൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3-ന് അപാകതകൾ പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് കത്തു നൽകയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-6 എസ് എസ്.എ വിഹിതം അടവാക്കൽ . പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നം. -38/15 എസ്.എസ്.എ വിഹിതം നൽകൽ എന്ന പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 400000/-രൂപ വകയിരുത്തി. ടി തുക ബിൽ നമ്പർ 1/14-15 തീയതി 30.10.2014 പ്രകാരം പിൻവലിച്ച് പ്രോജക്ട് ഓഫീസർ, എസ്.എസ്.എയുടെ പേർക്ക് ഒടുക്കിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് തുക പൂർണ്ണമായും വിനിയോഗിച്ചുണ്ടെന്ന വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് അധികാര പരിധിയിൽ വരുന്ന യു.പി/എൽ.പി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുക ചെലവഴിച്ചു, പ്രവർത്തനങ്ങൾ എന്തൊക്കെ എന്നീ വിവരങ്ങൾ അറിയാൻ കഴിയുന്നില്ല. പ്രസ്തുത വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥനോ, വിദ്യാഭ്യാസ സ്റ്റാന്ററിംഗ് കമ്മിറ്റിയോ ബോധ്യപ്പെട്ടതിന്റെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ എസ്.എസ്.എയും തദ്ദേശസ്വയംഭരണ സ്ഥാപനവും ചേർന്ന് ആക്ഷൻ പ്ലാൻ രൂപീകരിച്ചത് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതും അതാത് സ്കൂളുകളിലെ പ്രധാന അധ്യാപകൻ ആയത് വിലയിരുത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ ആക്ഷൻ പ്ളാൻ പ്രകാരമുള്ള എന്തൊക്കെ പ്രവർത്തനങ്ങൾ ഏതൊക്കെ സ്കൂളുകളിൽ നടപ്പിലാക്കി എന്നത് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മേൽ കാരണത്താൽ ടി യിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-7 തെരുവ് വിളക്ക് - ഉപയോഗിക്കാത്ത ബൾബിനും തുക ഈടാക്കുന്നു

കെ.എസ്.ഇ.ബി ഹാജരാക്കുന്ന ബില്ലുകൾ പ്രകാരമാണ് വൈദ്യുതി ചാർജ് ഇനത്തിൽ തുക അടയ്ക്കുന്നത്. പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, തരം ഇവ സംബന്ധിക്കുന്ന രജിസ്ററർ സ്ഥാപനം പരിപാലിക്കുന്നില്ല. കെ.എസ്.ഇ.ബി -യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14) ന് മറുപടിയായി ഹാജരാക്കിയ കെ.എസ്.ഇ.ബി അസിസ്റ്റന്റ്

എൻജിനീയർ നൽകിയ കത്തിൻ പ്രകാരം 684 സാധാരണ ബൾബുകൾ(40 വാട്ട്-54എണ്ണം, 60വാട്ട് -630എണ്ണം) ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിലവിൽ സാധാരണ ബൾബുകൾ ഒന്നും തന്നെയില്ല എന്നും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സാധാരണ ബൾബുകൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തെരുവ് വിളക്കുകളുടെ ചാർജ്ജിനത്തിൽ അടയ്ക്കുന്ന തുക പുനക്രമീകരിക്കേണ്ടതും ഉപയോഗിക്കുന്ന ബൾബുകൾക്ക് മാത്രം തുക അടവാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്.

3-8 മഞ്ഞപ്പിത്ത പ്രതിരോധം -ക്യാമ്പ് നടത്തിയതിന് ആധാരമായ തെളിവ് രേഖകളില്ല -തുക നിരാകരിക്കുന്നു

പ്രോജക്റ്റ് നം –SO 44/15

പ്രോജക്ടിന്റെ പേര് – മഞ്ഞപ്പിത്ത പ്രതിരോധം

അടങ്കൽ തുക – 175000/-രൂപ (തനത്ഫണ്ട്)

ചെലവ് തുക -153045/- രൂപ

50000/-രൂപ(ചെക്ക് നം1604580തീ26.3.15),

57000/-രൂപ(ചെക്ക് നം1604563തീ16.2.15),

46045/-രൂപ(ചെക്ക് നം1604574തീ23.3.15))

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 472 ഹയർ സെക്കന്ററി സ്കൂൾ കുട്ടികൾക്കായി പ്രതിരോധ കുത്തിവെയ്പ്പ് എടുക്കുവാനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിരുന്നത് .അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഹയർസെക്കന്ററി സ്കൂളുകൾ ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ട ചുമതലയിലുള്ള സ്ഥാപനമല്ല.

2. Kerala State Industrial Enterprises എന്ന് സ്ഥാപനത്തിൽ നിന്നാണ് പ്രതിരോധ കുത്തി വെയ്പ്പിനായി മരുന്ന് വാങ്ങുവാൻ തുക നൽകിയിരിക്കുന്നത്. മരുന്ന് ലഭ്യമായതിന്റെയോ സ്റ്റോക്കിലെടുത്തതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറുടെ NON AVAILABILITY CERTIFICATE ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. INVOICE പ്രകാരം താഴെപ്പറയുന്ന ദിവസങ്ങളിലാണ് മരുന്ന് വാങ്ങുവാൻ തുക നൽകിയിരിക്കുന്നത്.

1.23/2/15 ൽ 46990/-രൂപ(ഡിഡി നം 27507/23.2.15)

2.26.315 ൽ 35246/- രൂപ(ഡിഡി നം 582704/26.3.15)

3.30.3.15 ല്35096/- രൂപ(ഡിഡി നം 582557/30.3.15)

എന്നാൽ വൌച്ചറുകൾ പ്രകാരം ക്യാമ്പ് നടത്തിയിരിക്കുന്നത് 7.1.15, 8.1.15, 9.1.15, 10.2.15, 13.2.15, 14.2.15, 12.3.15, 13.3.15, 17.315 ദിവസങ്ങളിലാണ്. ഇതിൽ നിന്നും മരുന്ന് ലഭ്യമാകുന്നതിന് മുൻപ് തന്നെ ക്യാമ്പ് നടത്തി എന്ന് വ്യക്തമാകുന്നു.

c. Immunisation camp നടത്തിയ ദിവസങ്ങളിൽ ഉദ്യോഗസ്ഥർ താഴെപ്പറയുന്ന തുകകൾ വേതനം ഇനത്തിൽ കൈപ്പറ്റിയിട്ടുണ്ട്.

| പേര് | തീയതി (7.1.15/ 8.1.15/9.1.15) | തീയതി (10.2.15/ 13.2.15/14.2.15) | തീയതി (12.3.15/ 13.3.15/17.3.15) | |
|---|---|---|---|---|
| Dr.ബിജിരാജ് | 1200 | 1200 | 1200 | 3600 |
| രാജിവൻ പിള്ള HEALTH INSPECTOR | 800 | 800 | 800 | 2400 |
| വത്സല കുമാരി PHN | 800 | 800 | 800 | 2400 |
| മനോഹരൻ | 400 | 400 | 400 | 1200 |

| | | | | |
|---|---|---|---|---|
| JR.J.H.I | | | | |
| ജോസഫ് ജോർജ്ജ് JR.J.H.I | 400 | 400 | 400 | 1200 |
| സുരേഷ് K.R JR.J.H.I | 400 | 400 | 400 | 1200 |
| ഗീത V JR.PHN | 360 | 360 | 360 | 1080 |
| ഷെമീമ .പി.എ PHN | 360 | 360 | 360 | 1080 |
| ബീന എൻ PHN | 360 | 360 | 360 | 1080 |
| ജയറാണി പി PHN | 360 | 360 | 360 | 1080 |
| അജിത എസ്. PHN | 360 | 360 | 360 | 1080 |
| ആകെ | 5800 | 5800 | 5800 | 17400 |

ഈയിനത്തിൽ ഹോണറേറിയം കൈപ്പറ്റിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

d)ഒരേ ദിവസം ഹോംകെയർ, മഞ്ഞപ്പിത്ത പ്രതിരോധ ക്യാമ്പ് ഇവയിൽ പങ്കെടുത്തിരിക്കുന്നു.

. മഞ്ഞപ്പിത്ത പ്രതിരോധക്യാമ്പ് നടത്തിയതായി കാണിച്ചിരിക്കുന്ന 8.1.15, 17.3.15 എന്നീ ദിവസങ്ങളിൽ വേതനം കൈപ്പറ്റിയ ശ്രീ രാജിവൻപിള്ള HEALTH INSPECTOR(8.1.15) സുരേഷ് K.R JR.J.H.I (8.1.15) ജോസഫ് ജോർജ്ജ് JR.J.H.I (17.3.15) എന്നിവർ അതേ ദിവസം തന്നെ ഹോംകെയർ നടത്തിയ ടീമിൽ ഉൾപ്പെട്ടിരിക്കുന്നതായി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായിരിക്കുന്നു.

ഒരേ വണ്ടിയുടെ WAY BILL തന്നെയാണ്(KL02-U-8414 നം. വാഹനം) ടി ദിവസങ്ങളിൽ രണ്ട് പ്രോജക്ടിന്റെ വൌച്ചറിനോടൊപ്പം ഹാജരാക്കിയിരിക്കുന്നത്.

ഏതെല്ലാം സ്ക്കൂളുകൾ, എത്ര കുട്ടികൾക്ക് പ്രതിരോധമരുന്ന് നല്കി, ക്യാമ്പ് നടത്തിയതിന്റെ വിശദാംശം ഇവ സംബന്ധിക്കുന്ന യാതൊരു രേഖകളും ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറിയെ (നം 4) തുടർന്ന് ഹാജരാക്കിയ രജിസ്റ്ററിൽ മെഡിക്കൽ ഓഫീസർ സർട്ടിഫൈ ചെയ്തിട്ടില്ല. മേൽ കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 150345 രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

3-9 പഞ്ചായത്ത് മെമ്പർമാർ ഗ്രാമസഭ നടത്തിപ്പിനായി തുക കൈപ്പറ്റി

പഞ്ചായത്ത് മെമ്പർമാർ ഗ്രാമസഭ നടത്തിപ്പിനായി തുക കൈപ്പറ്റിയിരിക്കുന്നു. കേരളപഞ്ചായത്ത് രാജ് നിയമം സെക്ഷൻ 35(1)(എഫ്) പ്രകാരം ഗ്രാമപഞ്ചായത്തിലെ അംഗങ്ങൾ പഞ്ചായത്തിലെ നിലവിലുള്ള ഏതെങ്കിലും കരാറോ അവയ്ക്ക് വേണ്ടി ചെയ്യുന്ന ജോലിയോ ഏറ്റെടുക്കുവാൻ പാടില്ല. 31.3.14 ലെ പഞ്ചായത്ത് ജനറൽ കമ്മിറ്റി തീരുമാനം നം. 9(1) പ്രകാരം സെക്രട്ടറിയുടെ വിയോജന കുറിപ്പിനെ മറികടന്ന് കൊണ്ടാണ് മെമ്പർമാർ ഗ്രാമസഭ നടത്തിപ്പിനായി തുക കൈപ്പറ്റിയിരിക്കുന്നത്. ആയത് ഭരണ സമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്

3-10 കുടിവെള്ള ടാപ്പ് - ഗാർഹികകണക്ഷൻ നൽകിയിട്ടും സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം കുറയുന്നില്ല

കുടിവെള്ള ടാപ്പുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം 119578/- രൂപ സ്ഥാപനം വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗശൂന്യമായത്, ഉപയോഗയോഗ്യമായത് ഇവ സംബന്ധിക്കുന്ന രജിസ്റ്റർ സ്ഥാപനം

പരിപാലിക്കുന്നില്ല. ആയതിനാൽ ഉപയോഗ ശൂന്യമായ കുടിവെള്ള ടാപ്പുകൾക്ക് സ്ഥാപനം തുക അടവാക്കുന്നുണ്ടോ എന്ന് അറിയുവാൻ കഴിയുന്നില്ല. ആയതിനാൽ ജി. ഒ (ആർ.ടി) 2242/2011/ത.സ്വ.ഭ.വ തീയതി 28.9.11 നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. കൂടാതെ സമഗ്ര ഗാർഹിക കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് വച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ കുടിവെള്ള ടാപ്പ് ഗാർഹിക കണക്ഷൻ പദ്ധതി നൽകിയിട്ടുണ്ട്. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ആയത് അനുസരിച്ച് പൊതു ടാപ്പുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതാണെന്ന് പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. എന്നാൽ ഇവിടെ ഗാർഹിക കണക്ഷൻ നൽകുമ്പോൾ പൊതു ടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ഇക്കാര്യത്തിൽ അധികൃതരുടെ ശ്രദ്ധപതിയേണ്ടതാണ്

3-11 ടച്ച് സ്ക്രീൻ കിയോസ്ക് -പ്രവർത്തനം ആരംഭിച്ചിട്ടില്ല

പ്രോജക്ട് : കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണം : സെക്രട്ടറി.

അടങ്കൽ : 406160/-രൂപ

400000/-രൂപ (പ്ലാൻ ഫണ്ട്)

6160/-രൂപ (തനത് ഫണ്ട്)

ബിൽ നമ്പർ :34/2014-15 തീയതി 30.03.2015

തുക : 400000/-രൂപ

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി കെൽട്രോണിൽ നിന്നും 130860/-രൂപ ചെലവിൽ ടച്ച് സ്ക്രീൻ കിയോസ്ക് വാങ്ങിയത് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സൂചിക സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആയത് സംബന്ധിച്ച പരിശീലന പരിപാടി 12.04.2016 ന് നടപ്പിലാക്കുന്നതിന്റെയും, ആയതിന് എല്ലാ സ്റ്റാഫും പങ്കെടുക്കണം എന്നുള്ളതിന്റേയും ഓഫീസ് ഉത്തരവ് (നം 54/15-16 dt.11.04.2016) ഫയലിൽ കാണുന്നു. എന്നാൽ ടി പരിശീന പരിപാടിക്കായി ഐ.കെ.എം ന് രേഖാമൂലം അറിയിപ്പ് നൽകിയതിന്റെ വിവരം ലഭ്യമല്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7 തീയതി 25.07.2016 - ന് മറുപടിയായി ടച്ച് സ്ക്രീൻ കിയോസ്കിന്റെ പ്രവർത്തനം സംബന്ധിച്ച് ജീവനക്കാർക്ക് ഐ.കെ.എം ൽ നിന്നും പരിശീലനം ലഭിക്കാത്ത -തിനാലാണ് പ്രവർത്തനം ആരംഭിക്കാത്തതെന്ന് അറിയിച്ചു. ഐ.കെ.എം മായി ബന്ധപ്പെട്ട് പരിശീലനം ലഭ്യമാക്കി ടച്ച് സ്ക്രീൻ കിയോസ്കിന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ് . ഇതിനായി ചെലവഴിച്ച 130860/- രൂപ തടസ്സം ചെയ്യുന്നു. തുടർ നടപടി പൂർത്തിയാക്കാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

3-12 കന്നുകുട്ടി പരിപാലനം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ 29/2015 പ്രകാരം 625000/-രൂപ കന്നുകുട്ടി പരിപാലനത്തിനായി അസിസ്റ്റന്റ് ഡയറക്ടർ കന്നുകുട്ടിപരിപാലന പദ്ധതി, കൊല്ലത്തിന് നല്കിയിട്ടുണ്ട്. മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/25.07.2016 ന് മറുപടിയായി വിനിയോഗ സക്ഷ്യപത്രത്തിനായി അസിസ്റ്റന്റ് ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ടെന്നും, ആയത് കിട്ടുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി ചെലവഴിച്ച 625000/- രൂപ തടസ്സം ചെയ്യുന്നു. വിനിയോഗസക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

3-13 നിയമാനുസൃതമുള്ള വാറ്റ് തുക കരാറുകാരിൽ നിന്നും ഈടാക്കിയില്ല.

2014-15 സാമ്പത്തിക വർഷം തുടർവർഷ പദ്ധതിയായി ഉൾപ്പെടുത്തി നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക്, വാറ്റ് രജിസ്ട്രേഷൻ

ഉള്ളവരും,കോമ്പൗണ്ടിംഗ് സ്കീം തെരഞ്ഞെടുത്തവരുമായ കരാറുകാരിൽ നിന്നും നിയമാനുസൃതമായി 3.9.2014 മുതൽ 4% വാറ്റ് ഈടാക്കേണ്ടതിനു പകരം പ്രവൃത്തി മൂല്യത്തിന്റെ 3% തുകയാണ് വാറ്റ് ഇനത്തിൽ ഈടാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ | പ്രവർത്തി മൂല്യം | വാറ്റ് ഇനത്തിൽ ഈടാക്കിയ തുക | വാറ്റ് ഇനത്തിൽ ഈടാക്കേണ്ട തുക | കുറവായി ഈടാക്കിയ തുക |
|---|---|---|---|---|---|
| 37 ാം നമ്പർ അംഗൻവാടി മെയിന്റനൻസ്. (എസ്.ഒ.167/2015) | ബദറുദ്ദീൻ മുഹമ്മദ്കുഞ്ഞ് | 114066/- (ബിൽ നമ്പർ 6/2014-15 തീയതി 31.10.2014) | 3422/- | 4563/- | 1141/- |
| 49ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണം(എസ്.ഒ 151/2014) | നസീർ കെ.എസ് | 499226/-- (ബിൽ നമ്പർ 7/2014-15 തീയതി 31.10.2014) | 14977/- | 19969/- | 4992/- |
| | | | | | 6133/- |

2003 ലെ കേരള മൂല്യ വർദ്ധിത നികുതി നിയമം സെക്ഷൻ 10(1) പ്രകാരം എല്ലാ തരം കരാർ പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിയമ പ്രകാരമുള്ള നികുതി അവാർഡർ സ്രോതസിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. 2014-15 സാമ്പത്തിക വർഷം തുടർ വർഷ പദ്ധതിയായി നടപ്പിലാക്കിയ മേൽ പ്രവർത്തികൾക്ക് തൻ വർഷത്തെ പ്രവൃത്തി മൂല്യത്തിന്റെ ഈടാക്കാൻ ബാക്കിയുള്ള 1% നിരക്കായ 6133/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

3-14 ഗുണഭോക്തൃ സമിതി ചെലവ് കൂട്ടി കാണിച്ചതിനാൻ പ്രവൃത്തിക്ക് അധിക തുക നല്കി -നഷ്ടം 10,025/- രൂപ

പ്രവൃത്തി - ബംഗ്ലാവിൽ മുക്ക്-തെങ്ങുവിള റോഡ് റീടാറിംഗ്(I റീച്ച്)

പ്രോജക്ട് നമ്പർ -എസ്.ഒ. 146/2015

എം.ബുക്ക് 27/2015

അടങ്കൽ : 200000/-രൂപ(മെയിന്റനൻസ് ഗ്രാന്റ് (റോഡ്))

കൺവീനർ : ബേബി കുമാർ

കരാർ ഉടമ്പടി നമ്പർ – 77/AE/lsgd/pgp /dt.11.03.2014

ബിൽ നമ്പർ - 23/2014-15 dt.05.02.2015

റോഡ് റീടാറിംഗ് പ്രവൃത്തിയിൽ 8.45എം3, പോട്ട് ഹോൾ ഫില്ലിംഗ്(എം.ബുക്ക് പേജ് നമ്പർ9), 624 എം2 ചിപ്പിംഗ് കാർപ്പെറ്റ്(BT surface) (എം ബുക്ക് പേജ് നമ്പർ 10) എന്നിവയാണ് ചെയ്തിട്ടുള്ളത്. ടി വർക്കിന് ആവശ്യമായ ടാറിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

8.45m3x27.5kg=232kg

26.6kg/10m2x624=1660/161.8=10 barrel

എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ടാർ ഗുണഭോക്തൃ സമിതി അവരുടെ ചെലവ് അംഗീകരിച്ച സ്റ്റേറ്റ് മെന്റിൽ കാണിച്ചിരിക്കുന്നത് 13 barrel വാങ്ങി ഉപയോഗിച്ചതിന് 103060/-രൂപ എന്നാണ്(സിഡ്കോ ബിൽ നമ്പർ ബി.5357 dt.27.12.2014). ടി വർക്കിന് ആവശ്യമായ 10 ബാരൽ ടാറിന്റെ വില 103060/13x10=79277/-രൂപയാണ് ഗുണഭോക്തൃ സമിതി ചെലവ് കാണിക്കേണ്ടിയിരുന്നത്. ടാറിന് 10 ടണ്ണിന്റെ മാത്രം ചെലവ് ഉൾപ്പെടുത്തുമ്പോൾ ഗുണഭോക്തൃസമിതിയുടെ ആകെ ചെലവ് 176127/-ആയി പരിമിതപ്പെടും. വർക്കിന് ആകെ പ്രവൃത്തിമൂല്യം കണക്കാക്കിയിരിക്കുന്നത് 186152/- രൂപയാണ്. ഗുണഭോക്തൃസമിതി ചെലവഴിച്ച തുക കുറവായതിനാൽ ടി തുക മാത്രമേ അനുവദിക്കാൻ പാടുള്ളൂ. അധികം നൽകിയ 10025/- രൂപ (186152-176127) കൺവീനറിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

3-15 ആശ്രയ പദ്ധതി -രണ്ടാം ഘട്ടം അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി വൈകിപ്പിച്ചു.

ഗ്രാമ പ്രദേശങ്ങളിലെ കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന അഗതികളുടെ ഉന്നമനം ലക്ഷ്യം വച്ച് കൊണ്ടുള്ള ആശ്രയ പദ്ധതി വിവിധ തരം ആനുകൂല്യങ്ങൾ ഉൾപ്പെടുന്ന ഒരു സമഗ്ര പാക്കേജാണ്. ഭക്ഷണം, വസ്ത്രം, ആരോഗ്യ പരിരക്ഷ, പെൻഷൻ, വിദ്യാഭ്യാസം എന്നീ അതിജീവന ആവശ്യങ്ങളും കിടപ്പാടം, വീട്, കുടിവെള്ളം, ശുചിത്വ സംവിധാനങ്ങൾ എന്നീ അടിസ്ഥാന ആവശ്യങ്ങളും തൊഴിൽ വൈദഗ്ദ്യ പരിശീലനം തുടങ്ങിയ വികസന ആവശ്യങ്ങളും ഇതര വിഭാഗങ്ങൾക്കൊപ്പം ഇടപഴകാൻ ആത്മബലം നൽകുന്നതിനുള്ള കൗൺസിലിംഗ് തുടങ്ങിയ മാനസിക ആവശ്യങ്ങളും പരിഹരിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രസ്തുത പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് ഗ്രാമ പ്രദേശങ്ങളിലൂടെ സി.ഡി.എസ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

ഗ്രാമപഞ്ചായത്തിൽ 2013-16 പദ്ധതി കാലത്ത് 18 വാർഡുകളിലായി 227 ഗുണഭോക്താക്കളാണ് ആശ്രയ പദ്ധതിയിൽ ഉള്ളത്. പ്രോജക്ട് പ്രകാരം ഇവർക്ക് നൽകാനുദ്ദേശിക്കുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സേവനങ്ങൾ നൽകുന്ന ഇനം | കുടുംബങ്ങളുടെ എണ്ണം | ഫണ്ട് വകയിരുത്തൽ | ധനസ്രോതസ്. |
|---|---|---|---|---|
| 1 | ഭക്ഷണം | 227 | 2585180, (1885000,700180) | കുടുമ്പശ്രീ, തനത്ഫണ്ട്. |
| 2 | ചികിത്സ | 83 | 415000/- | തനത് ഫണ്ട്. |
| 3 | വിദ്യാഭ്യാസം | 37 | 92000/- | തനത് ഫണ്ട്. |
| 4 | ഭൂമി വാങ്ങൽ | 3 | 450000/- | പ്ലാൻ ഫണ്ട് |
| 5 | ഭവന നിർമ്മാണം | 15 | 3500000/- | കേന്ദ്രവിഹിതം |
| 6 | ഭവന പുരുദ്ധാരണം | 23 | 575000/- | പ്ലാൻ ഫണ്ട് |
| 7 | കുടിവെള്ള കിണർ | 20 | 238500/- | പ്ലാൻ ഫണ്ട് |
| 8 | കക്കൂസ് നിർമ്മാണം | 42 | 348000/- | ശുചിത്വമിഷൻ |
| 9 | സ്വയം തൊഴിൽ | 34 | 216000/- | പ്ലാൻ ഫണ്ട്. |
| | | | | |